## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3809 — 31.01.2014-ൽ മറുപടിയ്ക്ക്

# ആർ. ജി. ജി. വൈ. പദ്ധതിയ്ക്കായി ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ആർ. ജി. ജി. വൈ പദ്ധതിയ്ക്കായി ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ ഗുണനിലവാരവും പദ്ധതി നടപ്പിലാക്കുന്നതിലെ പാളിച്ചകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) ആർ.ജി.ജി.വി.വൈ പദ്ധതിയ്ക്കായി ഉപയോഗിക്കുന്ന സാധനസാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും, പദ്ധതിപ്രവൃത്തികളുടെ പുരോഗതിയും, ഗുണനിലവാരവും പരിശോധിക്കുന്നതിനും, വിലയിരുത്തുന്ന തിനും കേന്ദ്ര സർക്കാരിന്റെയും, റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റേയും പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ത്രീടയർ ക്വാളിറ്റി മോണിറ്ററിങ്ങ് സിസ്റ്റം" നിലവിലുണ്ട്. ഇതുപ്രകാരം സാധനസാമഗ്രികൾ കേരള സംസ്ഥാന വൈദ്യുതിബോർഡ് ലിമിറ്റഡിന്റെയും, സെൻട്രൽപവ്വർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും, റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റേയും സംയുക്തമായ പരിശോധനയുടെ അടിസ്ഥാനത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ പദ്ധതിക്കുവേണ്ടി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുകയുള്ളൂ.<br><br>അതുപോലെ പദ്ധതി പ്രവൃത്തികളുടെ ഗുണനിലവാരം സെൻട്രൽപവ്വർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും, റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനും പ്രത്യേകം പ്രത്യേകമായി പരിശോധിക്കുകയും തെറ്റുകുറ്റങ്ങൾ ചൂണ്ടിക്കാണിക്കുകയും, അതിൻമേൽ പരിശോധന നടത്തി ചൂണ്ടികാണിച്ച പോരായ്മകൾ പരിഹരിക്കുകയും ചെയ്യുന്നു. ശ്രദ്ധയിൽപ്പെട്ടിട്ടുള്ള എല്ലാ പാളിച്ചകളും സമയാസമയം പരിശോധിച്ച് പരിഹരിക്കുന്നതാണ്. |
| (ബി) സാധന സാമഗ്രികൾ എവിടെ നിന്നാണ് വാങ്ങിക്കുന്നതെന്നും അവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ? | |

വടക്കൻ ജില്ലകളായ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട് എന്നീ ജില്ലകളിലെ ആർ.ജി.ജി.വി.വൈ പദ്ധതിപ്രവർത്തികൾ ടേൺകീ അടിസ്ഥാനത്തിലാണ് നടക്കുന്നത്. അതുകൊണ്ട് പദ്ധതി പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികൾ ടേൺകീ കരാറുകാരാണ് വാങ്ങുന്നത്. ഈ സാധനസാമഗ്രികളുടെ ഗുണനിലവാരം മേൽപ്പറഞ്ഞ രീതിയിൽ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമേ ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുകയുള്ളൂ. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലെ പദ്ധതിപ്രവർത്തികൾ ബോർഡ് നേരിട്ടാണ് നടത്തുന്നത്. അതുകൊണ്ടുതന്നെ സാധനസാമഗ്രികൾ വാങ്ങുന്നതിന് ബോർഡ് ടെൻഡർ ക്ഷണിക്കുകയും മേൽ വിവരിച്ച ത്രിതല പരിശോധനയുടെ അടിസ്ഥാനത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തിയതിനു ശേഷം മാത്രം പദ്ധതിപ്രവൃത്തികൾക്കായി ഉപയോഗിക്കുന്നു.

**സെക്ഷൻ ഓഫീസർ.**